"ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി"

131 (3060) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ ടൂറിസ്റ്റ് സീസണിൽ എത്ര വിദേശ ടൂറിസ്റ്റുകൾ വന്നു എന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വിദേശ ടൂറിസ്റ്റുകളുടെ വരവ് കുറയുവാനുണ്ടായ കാരണം എന്താണ്;

(സി) കോവളം പോലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ വിദേശ ടൂറിസ്റ്റുകൾ ഒഴിവാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്തെന്ന് പഠിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1998-ൽ 1,80,995 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചതായി താൽക്കാലികമായി കണക്കാക്കുന്നു. 1999 ലെ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ബി) ദക്ഷിണേഷ്യാമേഖലയിലുണ്ടായ സാമ്പത്തിക മാന്ദ്യമാണ് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറയുവാൻ കാരണമായതെന്ന് കരുതുന്നു. വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ "ടൂറിസം മാർക്കറ്റ് ട്രെൻഡ്സ്-സൗത്ത് ഏഷ്യാ-1998-1997" എന്ന പ്രസിദ്ധീകരണത്തിൽ ഈ പ്രശ്നം പ്രതിപാദിച്ചിട്ടുണ്ട്. ഈ വർഷവും കൂടി ഈ മാന്ദ്യം ടൂറിസം മേഖലയെ ബാധിക്കുമെന്നാണ് മേൽ റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുള്ളത്.

(സി) വിദേശ ടൂറിസ്റ്റുകൾ കോവളം ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ബേക്കൽ ടൂറിസം വികസനപദ്ധതി

132 (3061) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം വികസനത്തിന് രൂപംകൊണ്ട ബി.ആർ.ഡി.സി.യിൽ എത്ര ഉദ്യോഗസ്ഥരുണ്ട്; ഈ പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതാരാണ്; ഇതിന് എത്ര ലക്ഷം രൂപ ചെലവായി;

(ബി) പ്രസ്തുത റിപ്പോർട്ട് അനുസരിച്ചാണോ ഇപ്പോൾ പദ്ധതി നടക്കുന്നത്. അല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സ്വീകരിക്കാതിരിക്കാനുള്ള കാരണമെന്താണ്; ഇതിനുവേണ്ടി ചെലവഴിച്ച തുക എങ്ങനെയാണ് വസൂൽ ചെയ്യുക എന്നീ വിവരങ്ങൾ വിശദമാക്കുമോ;

+ അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XIV

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 131(3060)-ന്റെ 'ഡി' ഉത്തരം ദയവായി കാണുക)

വിനോദസഞ്ചാര വികസന മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ യാത്രി നിവാസുകൾ പ്രവർത്തിച്ചു വരുന്നു. ആലപ്പുഴ, പാലരുവി, പാലക്കാട്, കൊട്ടാരക്കര, വൈക്കം, കോട്ടയ്ക്കൽ, വാളറ, കണ്ണൂർ, വടകര തുടങ്ങിയ സ്ഥലങ്ങളിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഗുരുവായൂർ, കോഴിക്കോട്, മലയാറ്റൂർ, പീരുമേട് എന്നിവിടങ്ങളിൽ യാത്രി നിവാസുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കുമിളി, കൊണ്ടോട്ടി, നെല്ലിയാംപതി, എന്നിവിടങ്ങളിൽ യാത്രി നിവാസിന്റെ നിർമ്മാണം ഉടനെ ആരംഭിക്കും. വയനാട് ജില്ലയിലെ തിരുനെല്ലിയിൽ പുതിയ യാത്രി നിവാസു നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പരവൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകളുടെയും കായംകുളം, ആറന്മുള, ആലുംകടവ്, ആതിരപ്പള്ളി എന്നിവിടങ്ങളിൽ വഴിയോര-ജലയോര വിശ്രമ കേന്ദ്രങ്ങളുടെയും പണി പുരോഗമിക്കുന്നു. കുമരകം, അങ്കമാലി എന്നിവിടങ്ങളിൽ വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്. ടൂറിസ്റ്റുകളുടെ വരവ് കൂടുന്നത് കണക്കിലെടുത്ത് മൂന്നാർ ഹോട്ടൽ പദ്ധതി, കുമരകം ടൂറിസ്റ്റ് കോംപ്ലക്സ്, ബോൾഗാട്ടി ഹോട്ടൽ വികസനം, മസ്ക്കറ്റ് ഹോട്ടലിന്റെ നവീകരണം എന്നീ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സ്വകാര്യ മേഖലയിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

വാഗമണിൽ വിശാലമായ ഒരു ഗോൾഫ് കോഴ്സ് ഉൾപ്പെടെയുള്ള ഒരു ടൂറിസ്റ്റ് റിസോർട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലുടനീളം ടൂറിസ്റ്റ് കേന്ദ്രങ്ങളെ പറ്റി വിവരം നൽകുന്നതിനുവേണ്ടി സമഗ്ര സൈനേജ് സിസ്റ്റവും നടപ്പിലാക്കി വരികയാണ്.

അനുബന്ധം - XV

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 158(3087)-ന്റെ 'സി' ഉത്തരം ദയവായി കാണുക)

	Name	Qualification	Designation
1.	Sri. A.K.Chandrasekharan Chairman	M.Pharm	Prof.&Head of Pharmacy
2.	Joint Director of Medical Education		
3.	Sri. M.N.V.G. Adiyoodi. President, Kerala State Pharmacy Council	D.Pharm	Pharmacist
4.	Sri. A. Padmanabhan	M.Pharm	Prof. of Pharmacy (Rtd.) Now Principal, A.J. College of Pharmacy
5.	Smt. L. Bhanumathy Medical College, Alappuzha	M.Pharm	Assoc. Prof. of Pharmacy
6.	Smt. Y. Anitha	M. Pharm	Asst. Prof. of Pharmacy

LIBRARY ARCHIVES Kerala Legislative Assembly